# കാലിക്കറ്റ് സർവ്വകലാശാല

**ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്**

194226/DOA-ASST-6/2025/Admn 29.09.2025

**<u>എം എഡ് - രണ്ടാം അലോട്ട്മെന്റ് 2025- പത്രക്കുറിപ്പ്</u>**

കാലിക്കറ്റ് സർവ്വകലാശാല 2025-26 അധ്യയന വർഷത്തിലേക്കുള്ള എം.എഡ്. പ്രവേശനത്തിനുള്ള രണ്ടാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും മാൻഡേറ്ററി ഫീസായ

**1. എസ്.സി/ എസ് ടി/ ഒ ഇ സി ക്ക് തത്തുല്യമായ വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്ന ഇതര 30 സമുദായങ്ങളിലെ വിദ്യാർത്ഥികൾ :Rs.145/- രൂപ**

2. **മറ്റുള്ളവർ - Rs.575/- രൂപ, 04.10.2025 ന് പകൽ 4 മണിക്കകം അടച്ച ശേഷം കോളേജുകളിൽ സ്ഥിര പ്രവേശനം നേടേണ്ടതാണ്, ഒന്നാം അലോട്ട്മെന്റ് ലഭിച്ച മാൻഡേറ്ററി ഫീസ് അടച്ചവർ വീണ്ടും അടക്കേണ്ടതില്ല.**

അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും അഡ്മിറ്റ് കാർഡ് ഡൌൺലോഡ് ചെയ്ത് അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ നിർബന്ധമായും പ്രവേശനം നേടേണ്ടതാണ് അല്ലാത്തപക്ഷം നിലവിൽ ലഭിച്ച അലോട്ട്മെന്റ് നഷ്ടമാവുന്നതാണ്. ലഭിച്ച ഓപ് ഷനിൽ തൃപ്തരായവർ എല്ലാ ഹയർ ഓപ് ഷനുകളും ക്യാൻസൽ ചെയ്തു സ്ഥിര പ്രവേശനം നേടേണ്ടതാണ്. ഹയർ ഓപ് ഷൻ നിലനിർത്തുന്നവരെ രണ്ടാം അല്ലോട് മെന്റിന് ശേഷം ഉണ്ടാകുന്ന ഒഴിവിലേക്ക് പരിഗണിക്കുന്നതായിരിക്കും. സ്ഥിരം പ്രവേശനം നേടുന്നവർക്ക് TC ഒഴികെയുള്ള എല്ലാ അസ്സൽ രേഖകളും പ്രവേശന ദിവസം തന്നെ തിരിച്ചു വാങ്ങാവുന്നതാണ്.

**<u>എഡിറ്റിംഗ്</u>**

എം എഡിന് രജിസ്റ്റർ ചെയ്തവർക്ക് അപേക്ഷയിലെ തെറ്റുകൾ തിരുത്തുന്നതിന് 06.10.2025 മുതൽ 08.10.2025, വൈകുന്നേരം 4 മണിവരെ സൗകര്യം ഉണ്ടായിരിക്കുന്നതാണ്. (ഒന്നാം ഓപ് ഷൻ ലഭിച്ച് സ്ഥിര പ്രവേശനം നേടിയവർക്കും, ഹയർ ഓപ് ഷൻ ക്യാൻസൽ ചെയ്തു സ്ഥിര പ്രവേശനം നേടിയവർക്കും എഡിറ്റിംഗ് സൗകര്യം ഉണ്ടായിരിക്കുന്നതല്ല) ഒന്ന്, രണ്ട് അല്ലോട് മെന്റുകൾ ലഭിച്ച ഇൻഡക്സ് മാർക്ക്, വെയിറ്റേജ് മാർക്ക്,റിസർവേഷൻ , കോളേജ് ഓപ് ഷൻ മുതലായവയിലെ തെറ്റുകൾ കാരണം പ്രവേശനം നേടാൻ കഴിയാതിരുന്നവർക്കും എഡിറ്റിംഗ് സൗകര്യം ഉപയോഗിക്കുന്നതിന് വിധേയമായി വെയ്റ്റിംഗ് റാങ്ക് ലിസ്റ്റിലേക്ക് പരിഗണിക്കുന്നതാണ്. എഡിറ്റ് ചെയ്തവർ പുതുക്കിയ അപേക്ഷയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്.

ഇതുവരെ രജിസ്റ്റർ ചെയ്യാത്തവർക്ക് SC/ST 740/- രൂപ , മറ്റുള്ളവർ 1205/- രൂപ ഫീസോട്ടുകൂടി ലേറ്റ് രജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള സൗകര്യം 06.10.2025 മുതൽ 08.10.2025 വൈകുന്നേരം 4 മണിവരെ ലഭ്യമാവുന്നതാണ്.

പ്രവേശനവുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക് സർവ്വകലാശാല വെബ്സൈറ്റും വാർത്തകളും ശ്രദ്ധിക്കേണ്ടതാണ്. അലാട്ട്മെന്റ്/അഡ്മിഷൻ എന്നിവയുമായി ബന്ധപ്പെട്ട വ്യക്തിഗത അറിയിപ്പുകൾ സർവകലാശാല നൽകുന്നതല്ല.

ഫോൺ : 0494 2407017, 7016 2660600.

Rajeevan Mundayat Valappil
Deputy Registrar